"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - ജീവനക്കാര്യം - അന്തർജില്ലാ സ്ഥലംമാറ്റം - ആലപ്പുഴ ജില്ലയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.ശ്രീപാർവ്വതി.ആർ.കൃഷ്ണന് തൃശ്ശൂർ ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

റവന്യൂ (സി) വകുപ്പ്

സ.ഉ.(സാധാ) നം.2179/2025/RD    തീയതി, തിരുവനന്തപുരം, 20-09-2025

പരാമർശം:-

1. 02.12.1991 തീയതിയിലെ സ.ഉ.(പി) നം.36/91/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. ശ്രീമതി.ശ്രീപാർവ്വതി.ആർ.കൃഷ്ണൻ സമർപ്പിച്ച അന്തർജില്ലാ സ്ഥലംമാറ്റ അപേക്ഷ.
3. 07/12/2018ലെ സ.ഉ.(കൈ) നം. 460/2018/റവ നം. ഉത്തരവ്.
4. ആലപ്പുഴ ജില്ലാ കളക്ടറുടെ 15.10.2024 തീയതിയിലെ DCALP/9053/2024-A3 നമ്പർ കത്ത്.
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 20.12.2024 തീയതിയിലെ LR-6293/24-LR(E3) നമ്പർ കത്ത്.
6. തൃശ്ശൂർ ജില്ലാ കളക്ടറുടെ 07.04.2025 തീയതിയിലെ DCTSR/27/2025-A2 നമ്പർ കത്ത്.
7. ലാൻഡ് റവന്യൂ കമ്മീഷണറുടെ 13.04.2025, 11.07.2025 തീയതികളിലെ LR-6293/24-LR(E3) നമ്പർ കത്ത്.

ഉത്തരവ്

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്ക് ഓഫീസിൽ ക്ലർക്കായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.ശ്രീപാർവ്വതി.ആർ.കൃഷ്ണന്, അപേക്ഷകയുടെ മകന്റെ ചികിത്സ, പഠനം എന്നിവയുമായി ബന്ധപ്പെട്ട കാരണങ്ങളാൽ അന്തർ ജില്ലാ സ്ഥലംമാറ്റ ചട്ടങ്ങളിൽ ഇളവ് നൽകിക്കൊണ്ട്, തൃശ്ശൂർ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (5) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ സമർപ്പിച്ചിരുന്നു.

2. ശ്രീമതി.ശ്രീപാർവ്വതി.ആർ.കൃഷ്ണൻ, പരാമർശം (3) ഉത്തരവ് പ്രകാരം മാവേലിക്കര താലൂക്ക് ഓഫീസിൽ 27.08.2019 തീയതിയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾ, ക്ലർക്ക് തസ്തികയിൽ 26.08.2024 തീയതിയിൽ അഞ്ച് വർഷക്കാലയളവ് പൂർത്തിയാക്കിയിട്ടുണ്ട്. ശ്രീമതി.ശ്രീപാർവ്വതി.ആർ.കൃഷ്ണൻ, ടിയാളുടെ 5 വയസ്സ് പ്രായമുള്ള ഇളയ മകന് Autism Spectrum Disorder ആണെന്ന് സ്ഥിരീകരിച്ചതിനെ തുടർന്ന് മകന്റെ ചികിത്സയുമായി ബന്ധപ്പെട്ട്, ടി അഞ്ച് വർഷ സേവനകാലയളവിനുള്ളിൽ 2021 അവസാന മാസം മുതൽ ആർജ്ജിതാവധി/പരിവർത്തിതാവധി എന്നിവ വിനിയോഗിച്ചിട്ടുള്ളതും തുടർച്ചയിലല്ലാത്ത ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. ടിയാളുടെ ഭർത്താവ് പ്രവാസിയായതിനാലും മകൻ തൃശ്ശൂർ ചാവക്കാട് ഓട്ടിസം സ്കൂളിൽ പഠിക്കുന്നതിനാലും മകന്റെ ചികിത്സാസൗകര്യാർത്ഥം തൃശ്ശൂർ ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ശ്രീമതി.ശ്രീപാർവ്വതി.ആർ.കൃഷ്ണന്റെ തൃശ്ശൂർ ജില്ലയിലേയ്ക്കുള്ള അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന പക്ഷം ടിയാളെ ആലപ്പുഴ ജില്ലയിൽ നിന്നും വിടുതൽ ചെയ്യുന്നതിൽ തടസ്സമില്ലായെന്ന് പരാമർശം (4) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. പരാമർശം (6) പ്രകാരം അന്തർ ജില്ലാ/അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ജില്ലയിൽ ഒരു ഒഴിവ് നിലവിലുള്ളതായി തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. അപേക്ഷകയുടെ മകൻ

ഓട്ടിസം സ്ഥിരീകരിച്ചതിനെത്തുടർന്നുള്ള ചികിത്സയിലായതിനാലും ടിയാളുടെ ഭർത്താവ് പ്രവാസിയായതിനാലും കുട്ടിയുടെ വിദ്യാഭ്യാസം തൃശ്ശൂർ ഓട്ടിസം സ്കൂളിലായതിനാലും മകന്റെ ചികിത്സാ, പഠനസൗകര്യാർത്ഥമാണ് അപേക്ഷക അന്തർജില്ലാസ്ഥലംമാറ്റം തേടിയിരിക്കുന്നത് എന്നതിനാലും വിഷയം അനുഭാവപൂർവ്വം പരിഗണിയ്ക്കണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

4. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ജില്ലാതല നിയമനരീതിയിലൂടെ ഒരു ജില്ലയിൽ നിയമിതരാകുന്നവർ പ്രസ്തുത ജില്ലയിൽ അഞ്ച് വർഷത്തെ സേവനം പൂർത്തീകരിച്ചാൽ മാത്രമേ അന്തർജില്ലാ സ്ഥലം മാറ്റത്തിന് അർഹതയുള്ളൂ. ടി ഉത്തരവ് ഖണ്ഡിക (5) പ്രകാരം അസാധാരണമായതും അനുഭാവപൂർവമായ പരിഗണന നൽകേണ്ടതുമായ കേസുകളിൽ, മന്ത്രിസഭയുടെ അംഗീകാരത്തോടെ, അഞ്ച് വർഷത്തെ സേവനവ്യവസ്ഥയിൽ ഇളവ് നൽകി അന്തർജില്ലാ സ്ഥലംമാറ്റം നൽകാവുന്നതാണ്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്ക് ഓഫീസിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.ശ്രീപാർവ്വതി.ആർ.കൃഷ്ണന്, അപേക്ഷകയുടെ മകന്റെ ചികിത്സാർത്ഥവും പിതാവ് പ്രവാസിയായ സാഹചര്യത്തിൽ കുട്ടിയ്ക്ക് മാതാവിന്റെ സാമീപ്യം ലഭ്യമാക്കുന്നതിലേയ്ക്കുമായി ടിയാളുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച്, പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ടി ഉത്തരവ് ഖണ്ഡിക (5) പ്രകാരമുള്ള ഇളവ് നൽകി, തൃശ്ശൂർ ജില്ലയിൽ, നിലവിലുള്ള ഒഴിവിൽ, ക്ലർക്ക് തസ്തികയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ആലപ്പുഴ.
ജില്ലാ കളക്ടർ, തൃശ്ശൂർ.
ശ്രീമതി.ശ്രീപാർവ്വതി.ആർ.കൃഷ്ണൻ, എൽ.ഡി.ക്ലർക്ക്/വില്ലേജ് അസിസ്റ്റന്റ്, താലൂക്ക് ഓഫീസ്, മാവേലിക്കര, ആലപ്പുഴ.
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (REV-C3/318/2024-REV)

ഉത്തരവിൻ പ്രകാരം
Signed by
Vinu V. Gopal
സെക്ഷൻ ഓഫീസർ
Date: 20-09-2025 15:25:59

പകർപ്പ്
ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു: റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
റവന്യൂ സെക്രട്ടറിയുടെ പി.എ-യ്ക്ക്
റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-09-2025

ഫയൽ നം. റവ-സി3/318/2024/റവ.    ഇനം നം: 3262

വിഷയം : റവന്യൂ വകുപ്പ് - ശ്രീമതി. ശ്രീപാർവ്വതി.ആർ.കൃഷ്ണൻ, ക്ലർക്ക്, ആലപ്പുഴ - തൃശ്ശൂർ ജില്ലയിലേയ്ക്ക് സമർപ്പിച്ചിരിയ്ക്കുന്ന അന്തർജില്ലാ സ്ഥലംമാറ്റ അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3262

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | റവ-സി3/318/2024-റവ |
| 2 | വകുപ്പ് | : | റവന്യൂ (സി) വകുപ്പ് |
| 3 | വിഷയം | : | ശ്രീമതി.ശ്രീപാർവ്വതി.ആർ.കൃഷ്ണൻ, ക്ലർക്ക്, ആലപ്പുഴ - തൃശ്ശൂർ ജില്ലയിലേക്ക് സമർപ്പിച്ചിരിയ്ക്കുന്ന അന്തർജില്ലാ സ്ഥലംമാറ്റ അപേക്ഷ - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 11.08.2025 |
| 5 | I)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അല്ല |
| | ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | ശ്രീമതി.ശോഭ വി |
| 8 | കരട് കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്. | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.09.2025 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.09.2025 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ.കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15.09.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16.09.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

നിലവിൽ ആലപ്പുഴ ജില്ലയിൽ, മാവേലിക്കര താലൂക്ക് ഓഫീസിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന, ശ്രീമതി.ശ്രീപാർവ്വതി.ആർ.കൃഷ്ണന്, തന്റെ ഓട്ടിസബാധിതനായ മകന്റെ സംരക്ഷണാർത്ഥവും, ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും കുട്ടിയ്ക്ക് മാതാവിന്റെ സാമീപ്യവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിലേക്കുമായി, അന്തർ ജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച നിബന്ധനകളിൽ ഇളവ് നൽകിക്കൊണ്ട്, തൃശ്ശൂർ ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ മരണമടഞ്ഞ കെ.രാധാകൃഷ്ണൻ നായർ എന്നയാളുടെ മകളായ ശ്രീമതി.ശ്രീപാർവ്വതി.ആർ.കൃഷ്ണൻ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയും, പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട വ്യവസ്ഥകകൾ നിഷ്കർഷിച്ചിട്ടുള്ള 24.05.1999 ലെ സ.ഉ(പി) 12/99/ഉ.ഭ.പ.വ ഉത്തരവിലെ ഖണ്ഡിക 28,29 പ്രകാരം നിയമനത്തിനായി അപേക്ഷക ആലപ്പുഴ ജില്ല തെരഞ്ഞെടുക്കുകയും ചെയ്തതിനെ തുടർന്ന് ടിയാൾക്ക് ആലപ്പുഴ ജില്ലയിൽ തന്നെ സ.ഉ(കൈ) 460/2018/ആർ.ഡി തീയതി 07.12.2018 പ്രകാരം നിയമനം ലഭിക്കുകയും ചെയ്തിരുന്നു. 27.08.2019 തീയതിയിൽ ക്ലാർക്ക് തസ്തികയിൽ സർക്കാർ സേവനത്തിൽ പ്രവേശിച്ച അപേക്ഷക ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ സേവനമനുഷ്ഠിച്ച് വരവെ ടിയാളുടെ ഇളയ മകൻ, അഞ്ച് വയസ്സുള്ള രാം രാജേഷ് ചന്ദ്രക്ക് Autism Spectrum Disorder ആണെന്ന് സ്ഥിരീകരിച്ചതിനെ തുടർന്ന് കുട്ടിയുടെ ചികിത്സാ ആവശ്യത്തിലേക്കായി 2022 ജൂൺ മാസം മുതൽ തുടർച്ചയില്ലല്ലാത്ത ശൂന്യവേതനഅവധികൾ ഉൾപ്പെടെയുള്ള അവധികൾ അപേക്ഷക വിനിയോഗിച്ചിട്ടുള്ളതാണ്. തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ, ഗുരുവായൂർ വില്ലേജിൽ താമസിച്ചുവരുന്ന അപേക്ഷകയ്ക്ക് രണ്ട് കുട്ടികൾ ഉണ്ട്. മൂത്ത മകൻ ഓം രാജേഷ് ചന്ദ്ര ഗുരുവായൂർ ദേവസ്വം ബോർഡ് സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർത്ഥിയും ഇളയ മകൻ രാം രാജേഷ് ചന്ദ്ര ചാവക്കാട് ബി.ആർ.സിയുടെ

കീഴിലുള്ള ഓട്ടിസം സെന്ററിൽ പഠിക്കുകയും ചെയ്യുന്നു. ഭർത്താവ് ശ്രീ. രാജേഷ് ചന്ദ്രൻ പ്രവാസിയാണ്. അഞ്ച് വയസ്സ് മാത്രം പ്രായമുള്ള ഓട്ടിസബാധിതനായ ഇളയ കുട്ടിയുടെ ചികിത്സ പാലക്കാട് ജില്ലയിലാണ് നടത്തി വരുന്നത്. കുട്ടിയുടെ ചികിത്സാർത്ഥവും കുട്ടിയ്ക്ക് മാതാവിന്റെ സാമീപ്യം ലഭ്യമാക്കുന്നതിലേയ്ക്കുമായി, നിലവിൽ താമസിച്ചു വരുന്ന തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലേയ്ക്ക്, മാനുഷികപരിഗണന നൽകി അന്തർ ജില്ലാ സ്ഥലമാറ്റം നൽകണമെന്നാണ് അഭ്യർത്ഥിച്ചിരിയ്ക്കുന്നത്. കുട്ടിയുടെ ചികിത്സാർത്ഥവും കുട്ടിയുടെ പിതാവ് പ്രവാസിയായതിനാലും, കുട്ടിയുടെ മാനസികാരോഗ്യത്തിന് മാതാവിന്റെ സാമീപ്യം ഉറപ്പുവരുത്തുന്നതിനും, അപേക്ഷകയുടെ നിവേദനം അനുഭാവപൂർവം പരിഗണിച്ച് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിയ്ക്കാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

3. മകന്റെ ചികിത്സാസൗകര്യാർത്ഥം തൃശ്ശൂർ ജില്ലയിലേയ്ക്ക് അന്തർ ജില്ലാസ്ഥലം മാറ്റം അനുവദിക്കുന്ന പക്ഷം ടിയാളെ വിടുതൽ ചെയ്യുന്നതിന് ആലപ്പുഴ ജില്ലാ റവന്യൂ ഭരണത്തിൽ തടസ്സങ്ങളൊന്നുമില്ലായെന്നും ടിയാളുടെ അപേക്ഷയിന്മേൽ അനുകമ്പാർഹമായ പരിഗണന നൽകാവുന്നതാണെന്നും ആലപ്പുഴ ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

4. അന്തർ ജില്ലാ/ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നതിനായി 2025 കലണ്ടർ വർഷത്തിൽ നിലവിൽ വന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഒരൊഴിവ് അന്തർജില്ലാസ്ഥലം മാറ്റത്തിനായി നീക്കിവെച്ചിട്ടുണ്ടെന്നും, അഞ്ച് വയസ്സ് മാത്രം പ്രായമുള്ള ഓട്ടിസബാധിതനായ കുട്ടിയുടെ ചികിത്സാർത്ഥവും കുട്ടിയുടെ പിതാവ് പ്രവാസിയായതിനാൽ കുട്ടിയ്ക്ക് മാതാവിന്റെ സാമീപ്യം ലഭ്യമാക്കുന്നതിലേയ്ക്കുമായി, അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച്, അപേക്ഷകയ്ക്ക് തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിലേയ്ക്ക് അന്തർ ജില്ലാ സ്ഥലമാറ്റം നൽകാവുന്നതാണെന്നും തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

5. ആശ്രിത നിയമന വ്യവസ്ഥയുമായി ബന്ധപ്പെട്ട 24.05.1999 ലെ സ.ഉ(പി) 12/99/ഉ.ഭ.പ.വ ഉത്തരവിലെ ഖണ്ഡിക 28,29 ൽ സൂചിപ്പിച്ച പ്രകാരം അപേക്ഷക തെരഞ്ഞെടുത്ത ജില്ലയായ ആലപ്പുഴയിൽ തന്നെ ടിയാൾക്ക് നിയമനം

ലഭിച്ചിട്ടുള്ളതിനാൽ അഞ്ച് വർഷത്തെ സേവനത്തിനു ശേഷം മാത്രമേ മറ്റൊരു ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അപേക്ഷിക്കുന്നതിന് അർഹത കൈവരുന്നുള്ളൂ. എന്നാൽ മകന്റെ ഓട്ടിസം ചികിത്സയുമായി ബന്ധപ്പെട്ട് ടി അഞ്ച് വർഷകാലയളവിനുള്ളിൽ ആർജ്ജിതാവധി/പരിവർത്തിതാവധി എന്നിവയും അതോടൊപ്പം ശൂന്യവേതനാവധിയും വിനിയോഗിച്ച സാഹചര്യത്തിൽ അപേക്ഷകയ്ക്ക് അഞ്ച് വർഷത്തെ സേവനകാലമില്ലാത്തതിനാലാണ് ജി.ഒ. (പി).നം.36/1991/ഉ.ഭ.പ.വ, ഖണ്ഡിക 5 –ലെ വ്യവസ്ഥകൾ പ്രകാരം, അപേക്ഷയിലെ അനുകമ്പാർഹമായ വസ്തുതകൾ കണക്കിലെടുത്ത്, തൃശ്ശൂർ ജില്ലയിലേക്ക് അന്തർജില്ലാസ്ഥലംമാറ്റം നൽകാവുന്നതാണോ എന്നതിന്മേൽ ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പിന്റെ അഭിപ്രായം തേടിയിട്ടുള്ളത്. ആയതിന് ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു:

*"റവന്യൂ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ 27.08.2019 തീയതി നിയമിതയായ ശ്രീമതി ശ്രീപാർവ്വതി ആർ കൃഷ്ണൻ വകുപ്പിൽ അഞ്ച് വർഷം സേവനം 26.08.2024 തീയതി പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും തന്റെ മകന്റെ ഓട്ടിസം ചികിത്സയുമായി ബന്ധപ്പെട്ട ടി അഞ്ച് വർഷകാലയളവിനുള്ളിൽ ആർജ്ജിതാവധി/പരിവർത്തിതാവധി എന്നിവയും അതോടൊപ്പം ശൂന്യവേതനാവധിയിലും പ്രവേശിച്ച സാഹചര്യത്തിൽ അഞ്ച് വർഷത്തെ സേവനമില്ലാത്തതിനാൽ അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച് അഭിപ്രായം ലഭ്യമാക്കുന്നതിലേക്കായാണ് ഭരണ വകുപ്പ് ഫയൽ ലഭ്യമാക്കിയിട്ടുള്ളത്.*

*വിഷയവുമായി ബന്ധപ്പെട്ട് ഭരണവകുപ്പിന്റെ ശ്രദ്ധ 02.12.1991–തീയതിയിലെ G.O.(P)No. 36/91/P&ARD നമ്പർ ഉത്തരവിലേക്ക് ക്ഷണിക്കുന്നു. ജില്ലാതല നിയമനരീതിയിലൂടെ ഒരു ജില്ലയിൽ നിയമിതരാകുന്നവർ പ്രസ്തുത ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തീകരിച്ചാൽ മാത്രമേ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അർഹതയുള്ളൂ. അതോടൊപ്പം ടി ഉത്തരവിൻ പ്രകാരം ഒരു ജില്ലയിൽ ഒരു കാറ്റഗറിയിൽ വർഷത്തിലുണ്ടാകുന്ന ഒഴിവുകളുടെ 10% –ൽ കവിയാത്ത എണ്ണം ഒഴിവുകളിൽ മാത്രമേ അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കാവൂ എന്ന് വ്യവസ്ഥ*

ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം സഹതാപ പരിഗണന ആവശ്യമുള്ള അസാധാരണമായ കേസുകളിൽ 5 വർഷ നിബന്ധനയിൽ ഇളവ് അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്. വ്യക്തവും നീതികരിക്കാവുന്ന കാരണങ്ങൾ ഉണ്ടാകേണ്ടതും ഏത് ജില്ലയിലേയ്ക്കാണൊ അന്തർജില്ല സ്ഥലമാറ്റം ആവശ്യപ്പെടുന്നത് ആ ജില്ലയുടെ കളക്ടറുടെ റിപ്പോർട്ടും സഹിതം ചീഫ് സെക്രട്ടറി മുഖാന്തിരം ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

6. സ.ഉ.(പി)നം.36/91/ഉ.ഭ.പ.വ ഉത്തരവ് ഖണ്ഡിക (5) പ്രകാരം:

*Relaxation of the five year rule in very exceptional cases that need sympathetic consideration will require the approval of the Council of Ministers. Cases should not be proposed for relaxation in a routine manner. There should be clear justifying grounds supported by the report of the District Collector of the district to which transfer is sought for. Proposal for relaxation in such cases shall be routed through Chief Secretary".*

7. അപ്രകാരം ഫയൽ ബഹു: മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ചുവടെ ചേർത്തിരിയ്ക്കും പ്രകാരം ഉത്തരവായിട്ടുള്ളതാണ്:

*"ചീഫ് സെക്രട്ടറി കണ്ട് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക".*

## തീരുമാനിക്കേണ്ട വിഷയം

ആലപ്പുഴ ജില്ലയിൽ, മാവേലിക്കര താലൂക്ക് ഓഫിസിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന, ശ്രീമതി.ശ്രീപാർവ്വതി.ആർ.കൃഷ്ണന്, ടിയാളുടെ ഓട്ടിസബാധിതനായ മകന്റെ സംരക്ഷണാർത്ഥവും, ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും കുട്ടിയ്ക്ക് മാതാവിന്റെ സാമീപ്യവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിലേക്കുമായി, അപേക്ഷകയുടെ മകന്റെ പരിതഃസ്ഥിതികൾ അനുഭാവപൂർവ്വം പരിഗണിച്ച്, ഇതൊരു പ്രത്യേക കേസായി കണക്കാക്കി സ.ഉ.(പി)നം.36/91/ഉ.ഭ.പ.വ ഉത്തരവിലെ നിയമനം ലഭിച്ച ജില്ലയിൽ അഞ്ച് വർഷ

സേവനം വേണം എന്ന നിബന്ധനയിൽ നിന്നും ഇളവ് അനുവദിച്ച് കൊണ്ട്, മേൽ [illegible] ഉത്തരവിലെ ഖണ്ഡിക 5 പ്രകാരമുള്ള ആനുകൂല്യം നൽകി ക്ലർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ തൃശ്ശൂർ ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കാവുന്നതാണോ?